കേരള സർക്കാർ

നം.441/ഡി.ബി-1/2018/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, 17-07-2018

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് നവകേരളം മിഷൻ യോഗങ്ങൾ സംബന്ധിച്ച്.

സൂചന:- 23/05/2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നം. 3.4

നവകേരളം മിഷന്റെ ഭാഗമായി മിഷൻ മേധാവികൾ ജില്ലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരെയും സെക്രട്ടറിമാരടക്കമുള്ള ഉദ്യോഗസ്ഥരുടേയും യോഗങ്ങൾ വിളിക്കാറുണ്ട്.ഇതു കൂടാതെ ട്രെയിനിംഗിനും വിളിക്കാറുണ്ട്. വിവിധമിഷനുകൾ ഇത്തരം യോഗം പ്രത്യേകം പ്രത്യേകമായാണ് പലപ്പോഴും വിളിക്കാറുള്ളത്. പങ്കെടുക്കുന്നവർക്ക് സമയനഷ്ടമടക്കം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ സൂചന(2)ലെ തീരുമാന പ്രകാരം ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വിവിധ മിഷനുകളുടെതടക്കമുള്ള ഇത്തരം യോഗങ്ങൾ ഒരുമിച്ച് വിളിക്കുകയും എല്ലാ അജണ്ടകളും ഒരുമിച്ച് ചർച്ച ചെയ്യുന്ന/അവലോകനം ചെയ്യുന്ന രീതിയിലാക്കേണ്ടതുമാണ്.
2. ജില്ലാ ആസൂത്രണസമിതിയുടേയോ ജില്ലാകളക്ടറുടേയോ നേതൃത്വത്തിൽ വേണം ഇപ്രകാരം യോഗം ഇനി വിളിക്കേണ്ടത്

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് വേണ്ടി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ്, എസ്. ആർ.ജി., സംസ്ഥാന ആസൂത്രണ ബോർഡ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ)യുടെ പി.എയ്ക്ക്